**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 761** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഭവനരഹിതരായതും നിലവിൽ ഒരു പദ്ധതി പ്രകാരവും വീട് അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ കോളനികൾ തിരിച്ച് ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഭവനഹിതരും, ഭൂരഹിതരും, നിലവിൽ ഒരു പദ്ധതി പ്രകാരവും വീടും, സ്ഥലവും അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിതരായതും നിലവിൽ ഒരു പദ്ധതി പ്രകാരവും സ്ഥലം അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ കോളനികൾ തിരിച്ച് ലഭ്യമാക്കാമോ; | (ബി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഭവനഹിതരും, ഭൂരഹിതരും, നിലവിൽ ഒരു പദ്ധതി പ്രകാരവും വീടും, സ്ഥലവും അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (സി) | ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും സ്ഥലവും വീടും അനുവദിച്ചു വരുന്നത്. കൂടാതെ 275.13 ഏക്കർ നിക്ഷിപ്ത വനഭൂമി, പട്ടികവർഗ്ഗക്കാർക്ക് പതിച്ച് നൽകുന്നതിനായി വനം വകുപ്പ്, റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ഭൂമി അർഹതപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന്, ആദിവാസി പുനരധിവാസ മിഷൻ മുഖേന നിശ്ചിത അപേക്ഷ ക്ഷണിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നും ഭവന നിർമ്മാണത്തിനും ഭൂമി ലഭിക്കുന്നതിനും വേണ്ടി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളും അറിയിക്കാമോ? | (ഡി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിന് വേണ്ടി 1354 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന്, ആദിവാസി പുനരധിവാസ മിഷൻ മുഖേന അപേക്ഷ ക്ഷണിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു. അർഹതപ്പെട്ടവർക്ക് ഭൂമി |

| | | | |
|---|---|---|---|
| | | | അനുവദിച്ചു നൽകിയതിനുശേഷം ലൈഫ് മിഷൻ മുഖേനയോ ആദിവാസി പുനരധിവാസ മിഷൻ മുഖേനയോ വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | കോളനിയുടെ പേര് | ഭവന രഹിത കുടുംബങ്ങളുടെ എണ്ണം | ഭൂരഹിത കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | എടക്കര | 72 | 47 |
| 2 | ചുങ്കത്തറ | 173 | 105 |
| 3 | നിലമ്പൂർ മുനിസിപ്പാലിറ്റി | 51 | 51 |
| 4 | പോത്തുകല്ല് | 160 | 153 |
| 5 | വഴിക്കടവ് | 54 | 37 |
| 6 | മൂത്തേടം | 74 | 41 |
| 7 | അമരമ്പലം | 79 | 61 |
| 8 | കരുളായി | 86 | 41 |
| **ആകെ** | | **749** | **536** |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | കോളനിയുടെ പേര് | ഭവന രഹിത കുടുംബങ്ങളുടെ എണ്ണം | ഭൂരഹിത കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | എടക്കര | 72 | 47 |
| 2 | ചുങ്കത്തറ | 173 | 105 |
| 3 | നിലമ്പൂർ മുനിസിപ്പാലിറ്റി | 51 | 51 |
| 4 | പോത്തുകല്ല് | 160 | 153 |
| 5 | വഴിക്കടവ് | 54 | 37 |
| 6 | മൂത്തേടം | 74 | 41 |
| 7 | അമരമ്പലം | 79 | 61 |
| 8 | കരുളായി | 86 | 41 |
| **ആകെ** | | **749** | **536** |

സെക്ഷൻ ഓഫീസർ